# KIDS CORNER

## മടിയരുടെ മനംമാറ്റം

നന്ദനപുരം എന്ന രാജ്യത്തെ അതിസമർത്ഥനും ഉത്സാഹിയുമായ രാജാവാണ് നന്ദനമഹാരാജാവ്. രാജ്യപുരോഗമനത്തിനായി ജനങ്ങളെ കർമ്മോന്മുഖരാക്കുവാൻ വേണ്ടതെല്ലാം അദ്ദേഹം ചെയ്തിരുന്നു. ഒരിക്കൽ അദ്ദേഹം തന്റെ മന്ത്രിയെ വിളിച്ച് രാജ്യത്താകമാനം ഒരു രഹസ്യപര്യടനം നടത്തി മടിയന്മാരായ ആളുകൾ ഉണ്ടോ എന്ന് അന്വേഷിക്കുവാൻ ആവശ്യപ്പെട്ടു. മടിയന്മാർ എന്ന് ബോദ്ധ്യപ്പെട്ടാൽ അവരെ തന്റെ അടുക്കൽ ഹാജരാക്കണമെന്ന് കല്പിച്ചു. വേഷപ്രച്ഛന്നനായ മന്ത്രി തന്റെ ദൗത്യ നിർവ്വഹണത്തിനായി പുറപ്പെട്ടു. കുറച്ചുദൂരം



ചെന്നപ്പോൾ ഒരു വീടിന്റെ മാഞ്ചുവട്ടിൽ സുഖമായി കിടന്നുറങ്ങുന്ന ഒരു മനുഷ്യനെ കണ്ടു. ഹായ് ! ഇതെന്തുകഥ ഈ പകൽ നേരത്ത് ഉറക്കമോ? വളരെ ബുദ്ധിമുട്ടി അയാളെ ഉണർത്തി. കോപിഷ്ടനായിരിക്കുന്ന അയാളോട് മന്ത്രി ചോദിച്ചു, സുഹൃത്തേ ! താങ്കൾക്ക് എന്തെങ്കിലും ജോലി ചെയ്ത് ജീവിച്ചുകൂടെ? ഓ! ആര് വേലതരാനാ, ഇപ്പോൾ വേല എങ്ങും ഇല്ല എന്ന മറുപടി നൽകി വീണ്ടും ഉറങ്ങാനുള്ള തത്രപ്പാടിലായി. ശരി ! എന്നാൽ എന്റെ കൂടെ വരു ജോലിയും, നല്ല കൂലിയും ഞാൻ തരാം എന്ന് മന്ത്രി പറഞ്ഞു. സന്തുഷ്ടനായ അയാൾ മന്ത്രിയെ അനുഗമിച്ചു. വീണ്ടും യാത്ര തുടർന്ന അദ്ദേഹം ക്ഷീണിതനായി നടക്കുമ്പോൾ ഒരു പുഴയരികിലിരുന്ന മനുഷ്യനെ ശ്രദ്ധിച്ചു. ഹായ് ! താങ്കൾ എന്താണ് ഈ ചെയ്യുന്നത്, മന്ത്രി ചോദിച്ചു. തനിക്ക് കണ്ണുകാണില്ലേ അയാൾ ദേഷ്യത്തോടെ പ്രതികരിച്ചു. ഒരു ജോലിയുമില്ലാത്ത ഞാൻ പുഴയിൽ കല്ലെറിഞ്ഞ് സമയം കളയുന്നു. താൻ തന്റെ പാട്ടിന് പോകുക അയാൾ വീണ്ടും കല്ലേറു തുടങ്ങി. തൊഴിൽ വാഗ്ദാനം ചെയ്ത മന്ത്രി നയത്തിൽ അയാളെയും സുഹൃത്താക്കി തന്റെ കൂടെ ചേർത്തു.

അങ്ങനെ അവർ മൂന്നുപേരും വീണ്ടും യാത്ര തുടർന്നു. കുറെ നടന്ന അവർ ദൂരെ മരത്തണൽ കണ്ട് അവിടെ ഇരുന്ന് വിശ്രമിക്കുവാൻ ആഗ്രഹിച്ചു ചെന്നപ്പോൾ കണ്ട കാഴ്ച മന്ത്രിയെ അത്ഭുതപ്പെടുത്തി. രണ്ട് പേർ അലസരായി ചീട്ട് കളിക്കുന്നു. കുശലാന്വേഷണം നടത്തിയപ്പോൾ അവരും പറഞ്ഞു തൊഴിലില്ല പിന്നെ എന്തു ചെയ്യാനാ. സമയം കളയാനാ ചീട്ട് കളിച്ചത്. തൊഴിൽ വാഗ്ദാനം ചെയ്ത മന്ത്രി അവരെയും തന്റെ കൂടെ കൂട്ടി യാത്ര തുടർന്നു.

കൊട്ടാരത്തിലേക്കാണ് മന്ത്രി അവരെ കൂട്ടികൊണ്ടുപോയത്. മന്ത്രിയുടെ കൂടെയെത്തിയ മടിയന്മാർ ഭയചകിതരായി. രാജാവിന്റെ മുൻപിൽ ഹാജരാക്കിയ അവരെപ്പറ്റിയുള്ള വിവരങ്ങൾ മന്ത്രി രാജാവിനോട് ഉണർത്തിച്ചു. ഈ മടിയന്മാരെ തൊട്ടടുത്തുള്ള മുറിയിലേക്ക് കൊണ്ടുപോകാൻ കല്പനയുണ്ടായി. അവിടെ നാല് കൂനകൾ കാണാം ഒന്നിൽ നെല്ല് പിന്നെ അരി, ഉമി, തവിട് ഇങ്ങനെ ക്രമീകരിച്ചിട്ടുണ്ട്. നിങ്ങൾക്ക് ഇഷ്ടമുള്ള കൂന ആവശ്യപ്പെടാം. ഉത്തരങ്ങൾ ഒരുപോലെ ആകാൻ പാടില്ല. മറുപടി രഹസ്യമായി രാജാവിനോട് പറയണം.

ആദ്യ റൗണ്ടിൽ അരിയുടെ കൂന നാലുപോരും ആവശ്യപ്പെട്ടു. വീണ്ടും അവസരങ്ങൾ നൽകിയപ്പോൾ തവിട്, ഉമി എന്ന ക്രമത്തിൽ അവർ ഉത്തരങ്ങൾ നൽകി. രാജാവ് മന്ത്രിയെ തന്റെ അടുക്കലേക്ക് വിളിച്ച് താൻ കൊണ്ടുവന്ന ഇവർ നാലുപേരും യഥാർത്ഥ മടിയന്മാരാണെന്ന് നമുക്ക് ബോദ്ധ്യമായിരിക്കുന്നു എന്ന് പറഞ്ഞു. അദ്ധ്വാനിക്കുവാൻ ഇവർ ഇഷ്ടപ്പെടുന്നില്ല എന്ന് വ്യക്തം. അതുകൊണ്ടാണ് നെല്ല് അവർ ആവശ്യപ്പെട്ടിരുന്നെങ്കിൽ അരി, തവിട്, ഉമി എല്ലാം ലഭിക്കുമായിരുന്നു. അപ്പോഴാണ് അവർക്ക് അബദ്ധം മനസ്സിലായത്. മടിയന്മാരായതു കൊണ്ട് ഇവരെ കൊട്ടാരം വക കൃഷിസ്ഥലത്ത് കൊണ്ടുപോയി ശരിയായി വേല ചെയ്യിക്കുവാൻ രാജാവ് കല്പനയിട്ടു. നല്ല വേതനവും നൽകുവാൻ വേണ്ട ഇടപാടും രാജാവ് ചെയ്തു കൊടുത്തു. അങ്ങനെ ആ മടിയന്മാർ ഉത്സാഹികളായി തീർന്നു.

പ്രിയകുഞ്ഞുങ്ങളെ! തിരുവചനം നമ്മെ പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക. “മടിയാ! ഉറുമ്പിന്റെ അടുക്കൽ ചെല്ലുക അതിന്റെ വഴികളെ നോക്കി ബുദ്ധി പഠിക്കുക” (സദൃ 6:6) അതിനാൽ ദൈവം നിങ്ങളെ ഏല്പിച്ച ജോലി പഠിക്കുക എന്നത് വിശ്വസ്തരായി ചെയ്യുക. “അലസതയുള്ള മനസ്സ് പിശാചിന്റെ പ്രവർത്തനശാലയാണ്” അതിനാൽ ദൈവത്തോട് ചേർന്ന് പ്രവർത്തിക്കുക, വിജയം നിശ്ചയമാണ്.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind